## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 561** **26.04.2017-ൽ മറുപടിയ്ക്ക്**

**<u>കേരള ബാങ്ക് രൂപീകരിച്ചതിന്റെ ആവശ്യകതയും സഹകരണ ബാങ്കുകളുടെ പ്രവർത്തനവും</u>**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് ധൃതി പിടിച്ച് കേരള ബാങ്ക് രൂപീകരിച്ചതിന്റെ ആവശ്യകത എന്തെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കേരള സഹകരണ ബാങ്ക് രൂപീകരിച്ചിട്ടില്ല. |
| (ബി) | നിലവിൽ കുറ്റമറ്റ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ജില്ലാ ബാങ്കുകളുടെ ഭരണസമിതികളെ പിരിച്ചുവിട്ടത് സഹകരണ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുമെന്ന വിദഗ്ധ അഭിപ്രായം സർക്കാർ പരിശോധിക്കുമോ; | (ബി) | കേരള ഗവർണ്ണർ പ്രഖ്യാപിച്ച 4/17 നമ്പർ ഓർഡിനൻസിലെ വ്യവസ്ഥപ്രകാരം നിലവിലുള്ള ജില്ലാ സഹകരണ ബാങ്കുകളിലെ ഭരണസമിതിയുടെ ഘടനയിൽ മാറ്റം വന്നതിനാലാണ് ഓർഡിനൻസിലെ വ്യവസ്ഥയനുസരിച്ച് ഈ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുള്ളത്. ഓർഡിനൻസിലെ വ്യവസ്ഥയനുസരിച്ച് ഭരണസമിതികളെ പിരിച്ചുവിട്ടിട്ടില്ല. ഭരണ സമിതികളുടെ ഘടനാ മാറ്റം മുഖേന ഭരണസമിതികൾ നിലവിലില്ലാതാകുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ഭരണസമിതികൾ ഇല്ലാതായത് സഹകരണ മേഖലയുടെ തകർച്ചയ്ക്ക് കാരണമാകുന്നില്ല. |
| (സി) | 14 ജില്ലാ ബാങ്കുകളുടെ നിലവിലെ ആസ്തി, നിക്ഷേപം, ലോൺ എന്നിവ എത്ര വീതമെന്ന് വ്യക്തമാക്കുമോ; | (സി) | 14 ജില്ലാ സഹകരണ ബാങ്കുകളുടെ ആസ്തി 63,622/- കോടിരൂപയും, നിക്ഷേപം 52,456/- കോടിരൂപയും, വായ്പ 27,946/- കോടിരൂപയുമാണ്. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന സഹകരണ ബാങ്കിന് നിലവിൽ എത്ര കോടി രൂപ കിട്ടാക്കടമുണ്ട്; ഇത് തിരിച്ചു കിട്ടുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; | (ഡി) | സംസ്ഥാന സഹകരണ ബാങ്കിന്റെ 3 .03.2017 ലെ കണക്ക് പ്രകാരം 391.99 കോടിരൂപയുടെ നിഷ്ക്രിയ ആസ്തി ഉണ്ട്. ടി ഇത് പിരിച്ചെടുക്കുന്നതിന് "സർഫേസി" ആക്റ്റ് പ്രകാരവും, കേരള സഹകരണ സംഘം നിയമപ്രകാരവുമുള്ള റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | കോടിക്കണക്കിന് രൂപ കിട്ടാക്കട മായിട്ടുള്ള സംസ്ഥാന സഹകരണ ബാങ്കിനെ ജില്ല ബാങ്കിൽ ലയിപ്പിച്ചത് സംസ്ഥാനത്ത് സഹകരണബാങ്കുകളുടെ പ്രവർത്തനത്തെ മന്ദഗതിയിലാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമായ വിവരം ലഭ്യമാക്കുമോ? | (ഇ) | നിലവിൽ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യം വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ